(ബി) സർക്കാർ നിശ്ചയിച്ച ന്യായവിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമിയുടെ ക്രയവിക്രയം നടത്തിയിട്ടുള്ളവർ ഏത് രൂപത്തിലാണ് രജിസ്ട്രാർ ഓഫീസിൽ പണം അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവിലയിൽ 50 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. അതനുസരിച്ച് നിലവിലുള്ള ന്യായവിലയുടെ ഒന്നര ഇരട്ടി അധികരിച്ച തുകയിന്മേലാണ് കരണങ്ങൾക്ക് മുദ്ര ചുമത്തേണ്ടത്.

(ബി) സർക്കാർ നിശ്ചയിച്ച ന്യായവിലയെക്കാൾ കുറവാണ് ആധാരത്തിൽ കാണിച്ചിട്ടുള്ളതെങ്കിൽ കേരള മുദ്രപ്പത്രനിയമം വകുപ്പ് 45A(3), 45B(3) അനുശാസിക്കുന്ന വിധത്തിൽ കുറവ് തുകയുടെ മുദ്രയും ഫീസും സബ് രജിസ്ട്രാറാഫീസിൽ ഒടുക്കാവുന്നതാണ്.

സഹകരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

211 (4843) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾക്ക് വസ്തുവകകൾ വാങ്ങുന്നതിനും വിൽക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ ഇളവ് സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് ഏതെങ്കിലും സബ് രജിസ്ട്രാർമാർ വിസമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത കാരണങ്ങളാലാണ് ഇളവനുവദിക്കുന്നതിന് വിസമ്മതിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇതുസംബന്ധിച്ച നിയമം നിലനിൽക്കെ ഈ ഇളവ് അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 8-10-1960-ലെ ജി.ഒ. (എംഎസ്.) 795/1960/അഗ്രി. ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങൾക്ക് ബിസിനസ്സ് ആവശ്യത്തിനായുള്ള ആധാരങ്ങൾക്ക് മുദ്ര ഇളവ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 8-10-1960-ലെ ജി.ഒ (എംഎസ്.) 795/60/അഗ്രി. നമ്പർ ഉത്തരവ് അനുസരിച്ചുള്ള മുദ്രസല ഇളവ് ലഭിക്കണമെങ്കിൽ സഹകരണ നിയമപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘം, സംഘത്തിന് വേണ്ടിയോ അല്ലെങ്കിൽ അതിന്റെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഒരു അംഗമോ സംഘത്തിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചമയ്ക്കുന്ന കരണമായിരിക്കണം. എന്നീ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. 19-11-2011-ലെ WP (C)No. 17973/2010-(V)-നമ്പരായുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ സൊസൈറ്റിയിൽ അംഗമല്ലാത്ത ഒരാൾ ചമയ്ക്കുന്ന കരണത്തിനോ ബിസിനസ്സ് ആവശ്യാർത്ഥമല്ലാത്ത കരണത്തിനോ മേൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇളവ് അനുവദനീയമല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ള കേസുകളിൽ മുദ്രയിളവ് അനുവദിക്കാൻ സബ് രജിസ്ട്രാർമാർ വിസമ്മതിക്കുന്നുണ്ട്.

(സി) WP(C) 17973/2010 നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 19-11-2011-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും, പ്രസ്തുത വിഷയുമായി ബന്ധപ്പെട്ട് WA.1248/13 നമ്പർ റിട്ട് അപ്പീലും, സമാനമായ നിരവധി കേസുകളും ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾ ബഞ്ചിന്റെ പരിഗണനയിൽ ആണെന്നതിന്റെയും അടിസ്ഥാനത്തിലാകണം 8-10-1960-ലെ ജി.ഒ. (എംഎസ്.) നമ്പർ 795/1960/ അഗ്രി. നമ്പർ ഉത്തരവുപ്രകാരമുള്ള ഇളവുകൾ അനുവദിക്കാത്തത്.

നികുതി പരിധി

212 (4844) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന (രജിസ്ട്രേഷൻ) നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുടുംബാംഗങ്ങൾക്കിടയിലെ വസ്തു കൈമാറ്റത്തിനുള്ള നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly